# കാലിക്കറ്റ് സർവകലാശാല നിലവിൽ അംഗീകാരം / തുല്യത നല്കിയിട്ടില്ലാത്ത പ്രോഗ്രാമ്മുകൾക്കു അംഗീകാരം / തുല്യത അനുവദിച്ചു കിട്ടുന്നതിനായി അപേക്ഷിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

1.A4 ഷീറ്റിൽ എഴുതിയതോ ടൈപ്പ് ചെയ്തതോ ആയ അപേക്ഷയാണ് സമർപ്പിക്കേണ്ടത്

2.പ്രോഗ്രാമിന്റെ പേര്, ഈ സർവ്വകലാശാലയിൽ ഏത് പ്രോഗ്രാമുമായാണ് തുല്യത വേണ്ടത് എന്നീ കാര്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തണം.

3.രജിസ്ട്രാർ, യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്, കാലിക്കറ്റ് സർവ്വ കലാശാല – 673635 എന്ന വിലാസത്തിലാണ് അപേക്ഷ നൽകേത്.

4.അപേക്ഷ നേരിട്ടോ തപാൽ മാർഗ്ഗമോ സമർപ്പിക്കാവുന്നതാണ്.

5.അപേക്ഷയിൽ അപേക്ഷകന്റെ പിൻകോഡ് സഹിതമുള്ള പൂർണ്ണ വിലാസം, ഈ മെയിൽ ഐഡി, മൊബൈൽ നമ്പർ എന്നിവ നിർബന്ധമായും രേഖപ്പെടുത്തണം.

6.അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകൾ ലഭ്യമാക്കണം.

a. കൃത്യമായി പൂരിപ്പിച്ച **Proposal Form. (Proposal Form** സർവകലാശാല സൈറ്റിൽ നിന്നും ഡൌൺലോഡ് ചെയ്യാവുന്നതാണ് .)

**b. Equivalency/Recognition** നായി സമർപ്പിക്കുന്ന പ്രോഗ്രാമിന്റെ (അപേക്ഷകർ പഠിച്ച കാലഘട്ടത്തിലെ) റെഗുലേഷൻസ്, സ്കീം ആന്റ് സിലബസ്(ബന്ധപ്പെട്ട സർവ്വകലാശാല യുടെ/സ്ഥാപനത്തിന്റെ രജിസ്ട്രാർ അറ്റസ്റ്റ് ചെയ്തത്).

c.മേൽ പറഞ്ഞവയുടെ സോഫ്റ്റ് കോപ്പി **25 MB** താഴെവരുന്ന ഫയലിൽ **CD** യിൽ ലഭ്യമാക്കണം.**(Single pdf format).**

**d.10**ാം ക്ലാസ് മുതലുള്ള എല്ലാ സർട്ടിഫിക്കറ്റുകളുടെയും മാർക്ക് ലിസ്റ്റുകളുടെയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ +TC/CC (അല്ലെങ്കിൽ പഠനരീതി തെളിയിക്കാനാവശ്യമായ മറ്റേതെങ്കിലും പ്രമാണം. ഈരേഖകളുടെ സോഫ്റ്റ് കോപ്പി, റഗുലേഷൻസ്, സ്കീം ആന്റ് സിലബസ് സമർപ്പിക്കുന്ന **CD** യിലും ലഭ്യമാക്കണം.

e.പ്രൊപ്പോസൽ ഫീ അയ **555/-** രൂപ അടച്ചതിന്റെ ഒറിജിനൽ ചലാൻ രസീതി

- **ഫാസ്റ്റ്ട്രാക്കിൽ പ്രൊപ്പോസൽ** സമർപ്പിക്കുന്നവർ ഫാസ്റ്റ് ട്രാക്കിൽ അപേക്ഷ സമർപ്പിക്കുന്നതിന്റെ കാരണം രേഖ സഹിതം സമർപ്പിക്കണം. (ഫാസ്റ്റ് ട്രാക്ക് പ്രൊപ്പോസൽ ഫീ **2760/-**).
- സമർപ്പിച്ച രേഖകൾ അക്കാദമിക് ബ്രാഞ്ച് വഴി പഠന സമിതികൾക്ക് കൈമാറുന്നതാണ്.
- **Equivalency/Recognition** അനുവദിക്കുന്ന/നിരസിക്കുന്ന മുറയ്ക്ക് അപേക്ഷകനെ **email/memo** വഴി അറിയിക്കുന്നതാണ്. തുല്യത/അംഗീകാരം അനുവദിക്കുന്ന മുറയ്ക്ക് ആയതിനുവേണ്ടി ഫീസ് അടച്ച് ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**NB: Deemed / Private** സർവ്വ കലാശാലകളുടെ കോഴ്സുകളുടെ തുല്യതയ്ക്ക് അപേക്ഷിക്കുന്നവർ പഠന കാലയളവിൽ ബന്ധപ്പെട്ട സർവ്വകലാശാലയുടെ **NAAC accreditation, NIRF ranking** എന്നിവയുടെ വിശദാംശങ്ങൾ സംബന്ധിച്ച രേഖകളും സമർപ്പിക്കണം. വിദേശ സർവ്വകലാശാലകളിൽ നിന്നുള്ള കോഴ്സ കളുടെ തുല്യതയ്ക്കായി അപേക്ഷിക്കുന്നവർ **AIU** (അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസ്) തുല്യത സർട്ടിഫിക്കറ്റും സമർപ്പിക്കണം.

- കാലിക്കറ്റ് സർവകലാശാലയുടെ **Instant Web Payment System** മുഖേന **Proposal fee** അടക്കണം . [**FPRE-FEE FOR THE CONSIDERATION OF PROPOSAL FOR RECOGNITION/EQUIVALENCY OF A PROGRAMME OF OTHER UNIVERSITIES/INSTITUTION** എന്ന **purpose select** ചെയ്ത് നിശ്ചിത തുക **enter** ചെയ്തു ഫീസ് അടക്കാവുന്നതാണ് .]